ക്ഷോഭ ദുരിതാശ്വാസത്തിനായി വകയിരുത്തുന്നത്. കഴിഞ്ഞ അഞ്ചുവർഷമായി വകയിരുത്തുന്നതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ കാണും പ്രകാരമാണ്.

	തുക ലക്ഷത്തിൽ				
വർഷം	അകോർപ്പസ്	ലഭിച്ച കേന്ദ്രസംസ്ഥാന വിഹിതം	മുൻവർഷങ്ങളിൽ ചെലവഴിക്കാത്ത തുക നിധിയിൽ വകയിരുത്തിയത്	നിധിയിലെ ആകെ തുക	ചെലവഴിച്ച തുക
1998-99	6144	6144	-	6144	6144
1999-00	6405	6405	-	6405	6405
2000-01	6724	2312	-	2312	2235
2001-02	7060	11472	688	12160	7602
2002-03	7413	7413	4558	11971	7186

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ കേന്ദ്രസഹായമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക താഴെക്കാണും പ്രകാരമാണ്.

തുക ലക്ഷത്തിൽ

1998-99 - 4608

1999-00 - 4804

2000-01 - 1734

2001-02 - 8604
- (2000-01-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)

2002-03 - 5560

(സി) ഈ വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് വക കൊള്ളിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന തുക 12,569 ലക്ഷം രൂപയാണ്.

പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള അക്വിസിഷൻ നടപടി

15 (1954) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മലപ്പട്ടം മുനമ്പ് കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നഷ്ടപരിഹാരതുക നിശ്ചയിക്കുന്നതിനാവശ്യമായ അടിസ്ഥാന ഭൂമി വില നിർണ്ണയം സംബന്ധിച്ച നടപടികൾ പൂർത്തിയായി വരുന്നു.

(സി) അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ സ്ഥലം കൈമാറിയിട്ടില്ല.

(ഡി) അക്വിസിഷൻ നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കി സ്ഥലം പൊതുമരാമത്തിന് കൈമാറുന്നതാണ്.

പൊതുമരാമത്ത് വകുപ്പുവക സ്ഥലം വിദ്യാഭ്യാസ വകുപ്പിലേക്ക് കൈമാറുന്നതിന് എൻ. ഒ.-സി. യുടെ ലഭ്യത

16 (1955) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ, പെരുമ്പ്രട ജി.എം.യു.പി. സ്കൂളിന് വേണ്ടി തളിപ്പറമ്പ് താലൂക്കിലെ വെള്ളൂർ റീ.നം. 152/13-ൽ 79 സെന്റ് പൊതുമരാമത്ത് വകുപ്പ് വക സ്ഥലം വിദ്യാഭ്യാസ വകുപ്പിലേക്ക് കൈമാറുവാൻ എൻ.ഒ.സി. ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയതെന്നാണ് ;

(സി) ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടികളും അതിനനുസൃതമായി ഗവൺമെന്റ് കൈക്കൊണ്ട തുടർ നടപടികളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശം 11-12-2000-ൽ ലഭിച്ചു.

(സി) അപാകതകൾ പരിഹരിച്ച് ലാന്റ് റവന്യൂ കമ്മീഷണർ അപേക്ഷ 28-6-2002-ൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. സർക്കാർ പ്രസ്തുത അപേക്ഷ പരിശോധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സമ്മതം വാങ്ങി ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സമ്മതത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly